(ബി) പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭിക്കുന്നതിനുവേണ്ടി കുറുവ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് അയച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ എന്നാണ് അയച്ചത് എന്നും അതിനുള്ള മറുപടി എന്നാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 20-11-2009-ൽ റിപ്പോർട്ടിനായി അയച്ച കത്തിന്, നിലവിലുള്ള ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടമായതിനാൽ പ്രസ്തുത കെട്ടിടത്തിന് കെട്ടിട നമ്പർ നൽകുവാൻ സാധിക്കാതെ വന്നിരിക്കുന്നു എന്ന മറുപടി 15-12-2009-ലെ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

സൗപർണ്ണിക ഇൻ എന്ന ബാർഹോട്ടലിന് കെട്ടിടനിർമ്മാണത്തിന് അനുമതി

130 (4753) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പുത്തനത്താണിയിൽ പ്രവർത്തിക്കുന്ന സൗപർണ്ണിക ഇൻ എന്ന ബാർ ഹോട്ടലിന് ആതവനാട് ഗ്രാമ പഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നൽകിയത് എന്നാണ് ;

(ബി) ത്രീസ്റ്റാർ ഹോട്ടൽ പ്രവർത്തിപ്പിക്കാനുള്ള മലിനജല സംസ്കരണ മടക്കം എല്ലാ വ്യവസ്ഥകളും പാലിച്ചുവെന്ന് ഉറപ്പ് വരുത്തിയ ശേഷമാണോ ഈ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് പഞ്ചായത്ത് നമ്പർ നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) എന്നാണ് ഈ ഹോട്ടലിന് കെട്ടിട നമ്പർ പഞ്ചായത്ത് നൽകിയത് എന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത കെട്ടിടത്തിൽ റെസ്റ്റോറന്റ് ആരംഭിക്കാനുള്ള ലൈസൻസ് ഗ്രാമപഞ്ചായത്ത് എന്നാണ് നൽകിയത് ?

ഉത്തരം

(എ) 25-10-2007 തീയതിയിലാണ് ആതവനാട് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നൽകിയത്.

(ബി) ഇല്ല. മലിനജല സംസ്ക്കരണ സംവിധാനത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. അഗ്നിശമന വിഭാഗം മേധാവിയുടെ അനുമതിയും വാങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 20-4-2009 തീയതിയിലാണ് കെട്ടിട നമ്പർ പഞ്ചായത്ത് നൽകിയത്.

(ഡി) 6-5-2009 തീയതിയിലാണ് റസ്റ്റോറന്റ് ആരംഭിക്കാനുള്ള ലൈസൻസ് ഗ്രാമപഞ്ചായത്ത് നൽകിയത്.

അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാൻ നടപടി

131 (4754) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല നഗരസഭ ബി.പി. 11588/08 തീയതി 31-10-2008 പ്രകാരം 1994-ലെ കേരള മുനിസിപ്പൽ ആക്ട് 406(1) പ്രകാരം ശ്രീമതി ഉമാദേവിയമ്മ, അമ്പലത്തിങ്കൽ, തിരുവല്ല എന്നയാൾക്ക് എതിരെ തൊട്ടടുത്ത സ്ഥലക്കാരിയായ ലിറ്റി വർഗ്ഗീസ്, നാരകക്കുഴ പനങ്ങോട്, പെരിങ്ങമ്മല പാലോട് തിരുവനന്തപുരം എന്ന സ്ത്രീയുടെ പരാതിയുടെ അടിസ്ഥനത്തിൽ ഇവരുടെ സ്ഥലത്തിന്റെ മതിലിൽ ചേർത്തും പൊതു ടാർ റോഡിന്റെ സൈഡിൽ ചേർത്തും ഉമാദേവിയമ്മയുടെ വീടിന്റെ ഒന്നാം നിലയിലേക്ക് പൊതു റോഡിൽ നിന്നും കയറുവാൻ അനധികൃതമായി സിമന്റ് സ്ലാബ് വാർത്തിട്ട് വഴി ഉണ്ടാക്കിയതിന് അനധികൃതമായി നിർമ്മിച്ച ഇത് പൊളിച്ചു മാറ്റുവാൻ നഗരസഭ നോട്ടീസ് നൽകിയിട്ട് ഇരുപത് മാസങ്ങൾ കഴിഞ്ഞിട്ടും ഇവർ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാതെ ഇരിക്കുന്നതിന് എതിരെ മുനിസിപ്പാലിറ്റി നടപടി സ്വീകരിക്കാത്തത് എന്ത് മാനദണ്ഡം വച്ചാണെന്ന് വിശദമാക്കാമോ ; ഇത് അടിയന്തരമായി പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ മുൻസിപ്പാലിറ്റി നോട്ടീസ് നൽകിയിട്ട് 20 മാസം കഴിഞ്ഞിട്ടും കയ്യേറ്റക്കാരിയായ ഉമാദേവിയമ്മ ഓരോ കാരണങ്ങൾ പറഞ്ഞ് ഈ വിഷയത്തിൽനിന്നും ഒഴിഞ്ഞുമാറുന്നതിൽ വച്ച് പരാതിക്കാരിയായ ലിറ്റി വർഗ്ഗീസിന്റെ ശരിയായ പരാതിക്ക് പരിഹാരം കാണാതെ പോകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കാക്കി ഇവിടെ നീതി നടപ്പാക്കാൻ സർക്കാർ ഉടൻ നടപടി സ്വീകരിക്കുമോ ; ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രീമതി ഉമാദേവിയമ്മ, അമ്പലത്തിങ്കൽ, തിരുവല്ല എന്നയാൾ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന സിമന്റ് സ്ലാബ് പൊളിച്ചുമാറ്റുന്നതിന് തിരുവല്ല നഗരസഭാ സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ അതിർത്തി തർക്കം പരിഹരിക്കുന്നതിന്, താലൂക്ക് സർവ്വെയറെക്കൊണ്ട് അതിർത്തി അളന്ന് തിട്ടപ്പെടുത്തി സ്കെച്ച്, ഹാജരാക്കാമെന്ന് കക്ഷി അറിയിച്ചിട്ടുള്ളതായും അതുവരെ തുടർന്നുള്ള പണികൾ നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ ടിയാൾ ക്യാൻസർ രോഗത്തിന്റെ ചികിൽസയിലാണെന്നും അസുഖം ഭേദമാകുന്ന മുറയ്ക്ക്, അത് എത്രയും പെട്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly